"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

സംഗ്രഹം

ബാലരാമപുരം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുണ്ടായ ശ്രീമതി സുശീല യുടെ വൈദ്യുത അപകട മരണം സംബന്ധിച്ച്- - ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ഡി)

ബോ. ഉ (എഫ്.ടി. ഡി) നം : 1651/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018) തിരുവനന്തപുരം തീയതി : 05.07.2018.

പരാമർശം : 1. ചീഫ് സേഫ്റ്റി കമ്മിഷണറുടെ 07.06.2018 ലെ സി.എസ്.സി/ സേഫ്റ്റി/ ആക്സിഡന്റ് റിപ്പോർട്ട് / 2018-19/ 234 നമ്പറിലുള്ള കുറിപ്പ്

ഉത്തരവ്

തിരുവനന്തപുരം ബാലരാമപുരം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കമ്പി പൊട്ടി വീണ് ശ്രീമതി സുശീല (54 വയസ്സ്) (W/o ശിശുപാലൻ, എസ്. എസ് ഭവനം, റസ്സൽപ്പുരം പി ഒ) 29.5.2018-നു മരണപ്പെടുകയുണ്ടായി. ടി ദിവസം രാവിലെ വീടിനോട് ചേർന്നുള്ള റബ്ബർ മരങ്ങളും മറ്റ് വൃക്ഷങ്ങളുമുള്ള പുരയിടത്തിൽ ഉണങ്ങിയ ചുള്ളിക്കമ്പുകൾ പെറുക്കുന്നതിനിടെ പൊട്ടി കിടന്ന ന്യൂട്രൽ കമ്പിയിൽ സ്പർശിക്കുകയും ഷോക്കേറ്റ് മരണപ്പെടുകയുമാണുണ്ടായത്. പരിശോധനയിൽ പൊട്ടിവീണ ന്യൂട്രൽ കമ്പി എ എ സി ആണെന്ന് കണ്ടെത്തി. അതിൽ നാലു ജോയിന്റുകളുള്ളതായും കണ്ടു. ഇതിനു മുൻപ് നാലു തവണ ഈ കമ്പി പൊട്ടിയപ്പോഴെല്ലാം അത് മാറാതെ കൂട്ടി കെട്ടി വൈദ്യുതി പുനസ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഏകദേശം മുപ്പത് മീറ്ററിനുള്ളിലാണ് പോസ്റ്റുകൾ തമ്മിലുള്ള അകലം.ഈ പ്രവർത്തി ചെയ്തത് ഇപ്പോഴുള്ളവരുടെ കാലത്തല്ലെന്നാണ് ലഭ്യമായ വിവരം. ആയതിനാൽ ഓഫീസ് രേഖകൾ പരിശോധിച്ച് മാത്രമേ ഉത്തരവാദികളെ കണ്ടെത്താനാകുകയുള്ളൂ. ഇതിനിടയിൽ അഞ്ച് തവണ ഈ കമ്പി പൊട്ടിയത് കേവലം കാലപ്പഴക്കം കൊണ്ടല്ല. സമീപത്തുള്ള മരം ഉരയുകയോ മരച്ചില്ല വീഴുകയോ മൂലമാകാം. പൊട്ടിയ സ്പാനിനു മുമ്പായി വൈദ്യുതി വരുന്ന ആദ്യ സ്പാൻ കമ്പി ഇപ്പോഴും എ എ സി തന്നെയാണ്. ആ ഭാഗത്തെ എ എ സി കമ്പികൾ മാറ്റിയിട്ടില്ല.

മേൽ സാഹചര്യത്തിൽ ഈ അപകടമരണം സംബന്ധിച്ചും അപകടത്തിലേക്ക് നയിച്ച കാരണങ്ങളെയും കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി സമീപ സർക്കിളിന്റെ പരിധിയിലുള്ള ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തണമെന്ന ചീഫ് സേഫ്റ്റി കമ്മീഷണറുടെ ശുപാർശ ബോർഡ് അംഗീകരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെള്ളയമ്പലം, ശ്രീ. വി. അനിൽകുമാറിനെ ചുമതലപ്പെടുത്തി ബോർഡ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ& മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ്
സെക്രട്ടറി (ഭരണം)

"ഭരണഭാഷ - മാതൃഭാഷ"

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)